## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1083** 30.10.2019-ൽ മറുപടിക്ക്

## അസംഘടിത മേഖലയിലെ വനിതാ തൊഴിലാളികളുടെ ക്ഷേമം

**ചോദ്യം**

**ശ്രീ. എം. സ്വരാജ്**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അസംഘടിത മേഖലയിലെ വനിതാ തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

**മറുപടി**

**ശ്രീ.ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

(എ) അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമവും സാമൂഹ്യ സുരക്ഷയും ഉറപ്പുവരുത്തുന്നതിന് വേണ്ടി കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി പ്രകാരമുള്ള വിവാഹാനുകൂല്യം 5000/- രൂപയിൽ നിന്നും 10000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വിവാഹവായ്പാ ധനസഹായം, വീട് നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമുള്ള വായ്പാ ധനസഹായം, സ്വയംതൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായം എന്നീ വായ്പാധനസഹായങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു വർഷം തുടർച്ചയായി അംശദായം അടച്ച ഒരു വനിത അംഗത്തിന് പ്രസവധനസഹായമായി 15,000/- രൂപ വരെ ലഭിക്കുന്നതാണ്. കൂടാതെ റിട്ടയർമെന്റാനുകൂല്യം, കുടുംബപെൻഷൻ, അവശതാപെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസാനുകൂല്യം, മരണാനന്തര സഹായം, അപകടാനുകൂല്യം എന്നിവയും പദ്ധതിയിൽ അംഗങ്ങളാകുന്ന തൊഴിലാളികൾക്ക് അർഹതയ്ക്കനുസരിച്ച് ലഭിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ